ഗ്രാമപ്പഞ്ചായത്തുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് അനുവദിക്കാൻ നടപടി

216 [3188] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്പഞ്ചായത്തുകൾക്ക് ധനകാര്യകമ്മീഷൻ നൽകുന്ന ഗ്രാന്റിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ ഗ്രാമപ്പഞ്ചായത്തുകൾക്ക് ഈ ഗ്രാന്റ് നിഷേധിച്ചതിന്റെ കാരണം എന്ത്;

(സി) എത്ര രൂപയാണ് ഗ്രാന്റിനത്തിൽ ഈ സാമ്പത്തികവർഷം നൽകേണ്ടത്;

(ഡി) ഗ്രാന്റ് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ധനകാര്യകമ്മീഷന്റെ ശുപാർശപ്രകാരം ഗ്രാമപ്പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതു ആവശ്യ ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും നൽകുന്നുണ്ട്.

(ബി) ഗ്രാമപ്പഞ്ചായത്തുകൾക്ക് മേൽപ്പറഞ്ഞ ഗ്രാന്റുകൾ നിഷേധിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച മെയിന്റനൻസ് ഗ്രാന്റിന്റെ 50% ആദ്യഗഡുവായി ഈ വർഷം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. അതുപോലെതന്നെ കഴിഞ്ഞ സാമ്പത്തികവർഷം നൽകിയിട്ടുള്ള പൊതു ആവശ്യ ഗ്രാന്റിന്റെ 3/14 ഭാഗം ഈ വർഷം ആദ്യഗഡുവായി എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും 28-7-2005-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) 218/05/തസ്വഭവപ്രകാരം നൽകിയിട്ടുണ്ട്.

(സി) പൊതു ആവശ്യ ഗ്രാന്റായി ഈ സാമ്പത്തികവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കും 255,59,00,000 രൂപയും മെയിന്റനൻസ് ഗ്രാന്റിനത്തിൽ 401,64,00,000 രൂപയുമാണ് നൽകേണ്ടത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly